# പുരോഗമനസാഹിത്യം

കുറ്റിപ്പുഴ കൃഷ്ണപിള്ള



പുരോഗമനസാഹിത്യം

കുറ്റിപ്പുഴ കൃഷ്ണപിള്ള

(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.


The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A Night Alarm: The Advance!, a painting by Charles West Cope (1811–1890). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പുരോഗമനസാഹിത്യം

വളരെയധികം തെറ്റിദ്ധാരണകളും ചില ശരിയായ ധാരണകളുമുള്ള ഒരു വിഷയമാണ്, പുരോഗമന സാഹിത്യം. സാഹിത്യത്തെപ്പറ്റി പറയുമ്പോൾ 'അന്ധഗജ' ന്യായമാണ് ഓർമ്മവരുന്നത്. ഏതാനും അന്ധന്മാർകൂടി ആനയെ കാണാൻ പോയി. ഒരാൾ കാലുപിടിച്ചുനോക്കിയിട്ട് ആന ഉരൽപോലിരിക്കുമെന്നു പറഞ്ഞു. വാലിൽ പിടിച്ചവൻ ചൂലുപോലൊരു സാധനമാണെന്നു തീർച്ചപ്പെടുത്തി! സാഹിത്യത്തിന് പല പല വിഭാഗങ്ങളും ഭാവങ്ങളും ഉണ്ട്. ഒരോന്നിനെപ്പറ്റിയും ഒരോരുത്തൻ പറയും, അതാണ് സാഹിത്യമെന്ന്. മറ്റൊരാൾ പറയും, അതല്ല; മറ്റൊന്നാണ് സാഹിത്യമെന്ന്.


ജോർജ് ബർണാഡ് ഷാ

കേരളത്തിൽ പുരോഗമന സാഹിത്യത്തെപ്പറ്റി വളരെ എതിർപ്പുണ്ട്. എന്താണ്, ഇതിന്റെ അടിസ്ഥാനം! ആ സാഹിത്യകാരന്മാർ എഴുതുന്നതെല്ലാം ശരിയെന്നു പറയുവാനല്ല ഞാൻ തുനിയുന്നത്. നാം ഒരു പരിവർത്തനഘട്ടത്തിൽ നിൽക്കുന്നു. തെറ്റ് ഏത്, ശരി ഏത് എന്നു ചിന്തിക്കണം. ഇതുവരെ തുടർന്നുവന്ന ജീവിതസമ്പ്രദായങ്ങൾതന്നെ തുടർന്നതുകൊണ്ടു ഫലമില്ല. അതിനെ അടിയോടെ മാറ്റേണ്ടിയിരിക്കുന്നു. ഇതേവരെ ജീവിച്ചതു ജീവിതമല്ല. രണ്ടു മഹായുദ്ധങ്ങൾ അതാണു നമ്മെ പഠിപ്പിച്ചത്. ചിന്തകന്മാർക്കുകൂടി മാറ്റം ഉണ്ടായിരിക്കുന്നു. ജോർജ് ബർണാഡ് ഷാ പറയുകയുണ്ടായി; 'കയറാൻ ചെന്ന വണ്ടി പൊയ്ക്കളഞ്ഞു; അടുത്ത വണ്ടിക്കു വളരെ താമസവുമുണ്ട്. ഇതുപോലെ യുവത്വത്തിന്റെയും വാർദ്ധക്യത്തിന്റെയും ഇടയ്ക്കു നിന്നു വിഷമിക്കയാണ്. ഇന്നത്തെ ജീവിതം പൊളിച്ചെഴുതിയേ മതിയാവൂ. വേണ്ടെന്നു പറയുവാൻ ആരും മുതിരുകയില്ല. ചർച്ചിലിനെ നോക്കുക. അദ്ദേഹം ഇംഗ്ലീഷുകാർക്ക് ആരാധ്യനായിരുന്നു. അപകടഘട്ടത്തിൽ ഇംഗ്ലീഷ് ജനതയെ രക്ഷിച്ച ആളാണ്. പക്ഷേ, ഒരു പ്രഭാതത്തിൽ ഇരിക്കുന്ന കസേര മറിഞ്ഞുവീണു. എന്താണു കാരണം? പഴയമട്ടിൽത്തന്നെ ജീവിക്കാമെന്നു ചർച്ചിൽ പറഞ്ഞുപോയി. അദ്ദേഹത്തിന്റെ ആരാധകന്മാർകൂടി പറഞ്ഞു, ആളിനെ മാറ്റണമെന്ന്.

യുദ്ധം ജയിക്കാൻ അദ്ദേഹം മതിയായിരുന്നുവെങ്കിൽ, ഭരണത്തിനു മതിയാകാതെവന്നു. പഴയമട്ടു തുടരണമെന്നാഗ്രഹിക്കുന്നവൻ ആരായാലും അയാളെ മാറ്റും; മാറ്റണം. ദേവേന്ദ്രന്റെ അച്ഛൻ മുത്തപ്പട്ടരായാൽക്കൂടി മാറ്റണം.


ചർച്ചിൽ

സകല വശങ്ങളിലും മാറ്റംവരുമ്പോൾ സാഹിത്യത്തിലും മാറ്റംവരുന്നതു സ്വാഭാവികമാണ്. അതിനിടയ്ക്കു ചിലതൊക്കെ കൊള്ളരുതാത്തതായേക്കും. പുതിയ മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കാൻ തുടങ്ങുമ്പോൾ നാലുവശത്തുനിന്നും എതിർപ്പുണ്ടാകുക സ്വാഭാവികമാണ്. മാറ്റം ഇഷ്ടമാണെങ്കിൽത്തന്നെ ഒരു മടിയുണ്ടാവുക പതിവാണ്. അൻപതുവർഷമായി താമസിച്ചുകൊണ്ടിരിക്കുന്ന വീട് വായുവും വെളിച്ചവും കിട്ടാത്തതാണ്. മൂർഖൻപാമ്പും പെരുച്ചാഴിയും അതിനുള്ളിൽ കൂടി പാർപ്പുതുടങ്ങിരിക്കുന്നു. ഈ വീട്ടിൽനിന്ന് ഒന്നാംതരം ബംഗ്ലാവിലേക്കു താമസം മാറ്റുമ്പോൾ ഒരു വല്ലായ്മ എല്ലാവർക്കും തോന്നുന്നതാണ്. പ്രത്യേകിച്ചു മുത്തശ്ശനും മുത്തശ്ശിക്കും. അതുതന്നെയാണ്, പുരോഗമനസാഹിത്യത്തിന്റെ കാര്യത്തിലും.


പണ്ടും കൊള്ളാവുന്ന സാഹിത്യവും കൊള്ളരുതാത്ത സാഹിത്യവും ഉണ്ടായിട്ടില്ലേ? അന്ന് എന്തുകൊണ്ട് എതിർപ്പുണ്ടായില്ല? ഇന്ന് എതിർപ്പു വളരെ വർദ്ധിച്ചിട്ടുണ്ട്. അത് അത്യാവശ്യത്തിൽക്കവിഞ്ഞായിട്ടുണ്ട്. പുരോഗമനസാഹിത്യക്കാരെ ഒന്നു കുറ്റം പറയണമെന്നു നിർബ്ബന്ധമുള്ളവരുമുണ്ട്. സാഹിത്യത്തിന്റെ പരമലക്ഷ്യം ആനന്ദമാണെന്നും, അങ്ങനെയുള്ള സാഹിത്യത്തെ വെറും പ്രചരണത്തിനുവേണ്ടി മാറ്റുന്നുവെന്നുമാണ് ഒരു കൂട്ടരുടെ പരാതി. ഒരു പുരോഗമനസാഹിത്യകാരനും, സാഹിത്യത്തിന്റെ ആനന്ദധർമ്മത്തിന് കുറവു വരുത്തണമെന്ന് ഇന്നുവരെ പറഞ്ഞിട്ടില്ല. ചിലരുടെ കൃതികളിൽ ആനന്ദധർമ്മം കുറവായേക്കാം. അതു മറ്റൊരു കാര്യമാണ്. പണ്ട് സാഹിത്യത്തിന് ആനന്ദധർമ്മം മാത്രം മതിയായിരുന്നു. കഞ്ചാവിന്റെ ലഹരിയിൽ മയങ്ങി ഇരിക്കുന്നതുപോലെ ഇന്ന് അങ്ങനെ ലഹരിയിൽ മയങ്ങിയിരിക്കുന്നതിനുള്ള ഘട്ടമല്ല. ജീവിതംതന്നെ അസാദ്ധ്യമായിരിക്കുന്ന ഘട്ടമാണ്. പലപല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടുപിടിക്കേണ്ട ഘട്ടമാണ്. അപ്പോൾ കേവലം ആനന്ദവുമായി ഇരിക്കണമെന്നു പറഞ്ഞാൽ നടപ്പുള്ള കാര്യമല്ല. സാഹിത്യകാരൻ ഒരു സമുദായജീവിയാണ്. മനുഷ്യസമുദായത്തെ നയിക്കേണ്ട ചുമതല അവനുണ്ട്. അതു മറക്കാൻ എങ്ങനെ കഴിയും?

പുരോഗമനസാഹിത്യകാരനു വ്യക്തി സ്വാതന്ത്ര്യമില്ലെന്നാണു മറ്റൊരാക്ഷേപം, സകലർക്കും ചില പരിമിതികളുണ്ട്. അതുപോലെ സാഹിത്യകാരനുമുണ്ട്. പ്രചോദനം വന്നാലുടനെ അങ്ങെഴുതിക്കൊള്ളണമെന്നാണ് ഇക്കൂട്ടരുടെ വാദം. മേഘത്തെപ്പറ്റിയുള്ള കവിത തോന്നിയാലുടനെ അതങ്ങെഴുതിക്കൊള്ളണമെന്ന്. മലമൂത്രവിസർജ്ജനത്തെപ്പറ്റി തോന്നിയാലുടനെ സ്ഥലവും സമയവും നോക്കാതെ ആരും അതു ചെയ്യാറില്ല. ഒരുദ്ദേശവും കൂടാതെ മറയൻകൂടി ഇന്ന് ഒന്നും ചെയ്യാറില്ല.

സാഹിത്യകാരന്മാരൊക്കെ ഇന്ന പാർട്ടിയിൽ ചേരണമെന്നോ ഇന്നതേ എഴുതാവൂ എന്നോ ഇതേവരെ ഒരു സാഹിത്യകാരനും പറഞ്ഞിട്ടില്ല. ഓരോ സാഹിത്യകാരൻ ഓരോ രംഗത്തു നിൽക്കും. സാഹിത്യകാരൻ കോൺഗ്രസ്സുകാരനോ, കെ. എസ്. പി.-ക്കാരനോ, കമ്മ്യൂണിസ്റ്റോ ആയിരിക്കാം. പക്ഷേ, അതുകൊണ്ടൊന്നും അവന്റെ വ്യക്തിസ്വാതന്ത്ര്യം നഷ്ടമാകുന്നില്ല.


ടാഗോർ


സൗന്ദര്യവാദികൾ, കേവലമായ ആനന്ദം എന്നും സനാതനധർമ്മം എന്നും മറ്റും പറയുന്നു. കേവലമായ ഒരു സൗന്ദര്യമുണ്ടോ? എനിക്കറിഞ്ഞുകൂടാ. ആപേക്ഷികമാണു സൗന്ദര്യം. കലർപ്പില്ലാത്ത സൗന്ദര്യത്തിൽ ആനന്ദിക്കാവുന്ന ഒരു ഘട്ടം വന്നേക്കാം. പക്ഷേ, ഇന്നതിനു സമയമില്ല. പൂനിലാവിൽ പരിശോഭിക്കുന്ന ടാജ്മഹാളിനെ ടാഗോറിനിഷ്ടമാണ്. അദ്ദേഹം അതിനെ സ്തുതിക്കും; ആരാധിക്കും. എന്നാൽ ഗാന്ധിജി ടാജ്മഹാൾ കാണുമ്പോൾ, എത്രയോ ലക്ഷം അടിമകളുടെ കണ്ണുനീരിലും വിയർപ്പുതുള്ളികളിലുമാണ്, ഇതു കെട്ടിപ്പടുത്തിരിക്കുന്നതെന്നോർത്തു ശോകമൂകനാകുന്നു. ഇതിലും സൗന്ദര്യമില്ലേ? ഗാന്ധിജിയുടെ വാക്കുകളിലെ സൗന്ദര്യമാണ് ഇന്നാവശ്യം.


ഗാന്ധിജി

ഗാന്ധിജി പറയുന്നു: 'കലയും സാഹിത്യവും നമുക്കാവശ്യമുണ്ട്. അവ ബഹുലക്ഷങ്ങളുടെ ജീവിതത്തോടു ബന്ധപ്പെട്ടവയും അവർക്കുക്കൂടി ആസ്വദിക്കാവുന്നവയും ആയിരിക്കണം.'

ജനകീയസാഹിത്യമാണ് ഇന്നാവശ്യമായിരിക്കുന്നത്. ജനങ്ങൾ പട്ടിണിക്കൊണ്ടു ലക്ഷക്കണക്കായി മരിച്ചുവീഴുമ്പോൾ, സാഹിത്യകാരൻ സൗന്ദര്യത്തിന്റെ മഹിമയെ പ്രകീർത്തിക്കണോ?

'കലയ്ക്കു ജീവിതവുമായി ബന്ധമില്ലെങ്കിൽ അത് അജന്താഗുഹപോലിരിക്കും!' എന്നു നെഹ്റു പറയുന്നതു ഇതുകൊണ്ടാണ്.


നെഹ്റു

ജീവിതത്തിൽ, കറുത്ത വശങ്ങൾ വളരെ കൂടി നിൽക്കുമ്പോൾ സാഹിത്യകാരന്റെ പ്രതിപാദ്യവസ്തു അതാകുന്നത് എങ്ങനെ തെറ്റാകും? സമുദായത്തിന്റെ കൊള്ളരുതായ്മകൾ പുരോഗമനസാഹിത്യകാരൻ കാണിച്ചുതരുകയാണു ചെയ്യുന്നത്. വേശ്യയെ കല്ലെറിയാൻപോയവരോട്, കുറ്റം ചെയ്തിട്ടില്ലാത്തവൻ കല്ലെറിയാൻ ക്രിസ്തു പറഞ്ഞപ്പോൾ എല്ലാവരും മാറിക്കളഞ്ഞു. നമ്മുടെ പ്രവൃത്തിയുടെ ഫലം നേരിട്ടു ഏല്ക്കുവാൻ ഒരു മടിയുണ്ട്; വിശ്വാമിത്രൻ ശകുന്തളയെ കണ്ടപ്പോൾ തിരിഞ്ഞുകളഞ്ഞതുപോലെ. നമ്മെ പിടിച്ചുകൊണ്ടുപോയി കണ്ണാടിയുടെ മുൻപിൽ നിറുത്തുകയാണ് പുരോഗമനസാഹിത്യകാരൻ ചെയ്യുന്നത്. അപ്പോൾ ദേഷ്യപ്പെടുന്നത് എന്തിനാണ്?

മനുഷ്യസമുദായത്തെ നന്നാക്കാനുള്ള ഉദ്ദേശത്തോടുകൂടി വരുന്ന ഏതു പാർട്ടിയേയും നാം സ്വാഗതം ചെയ്യണം.


സ്വാമി വിവേകാനന്ദൻ

സ്വാമി വിവേകാനന്ദൻ പറയുകയുണ്ടായി: 'ഒരു പട്ടിപോലും പട്ടിണികിടന്നാൽ അതിനെ തീറ്റുക എന്നുള്ളതാണ് എന്റെ മതം.' ഈ പട്ടിണിക്കു കാരണമായ വ്യവസ്ഥിതിയെ തട്ടിമാറ്റുകതന്നെവേണം. ആ ലക്ഷ്യത്തിലേക്കു സാഹിത്യകാരൻ വഴി തെളിക്കണം. ഇതിനുവേണ്ടി പുറപ്പെടുന്ന സാഹിത്യകാരനെ, നിങ്ങൾ കല്ലെറിയരുത്, ചമ്മട്ടികൊണ്ടടിക്കരുത്. ഇത്രമാത്രം നിങ്ങൾ ചെയ്താൽമതി.

കാഞ്ഞിരപ്പള്ളി സഹൃദയഗ്രന്ഥശാലയുടെ വാർഷികസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം.

(വിമർശനവും വീക്ഷണവും)

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014